പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം
2019 ജൂൺ 21, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## മെഡിസെപ് പദ്ധതി

ചോദ്യം : 3806
ശ്രീ.കെ.സി.ജോസഫ്

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് സ്കീം എപ്രകാരമായിരുന്നു എന്ന് വിശദമാക്കുമോ; | നിലവിൽ സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു .<br>സർക്കാർ ആശുപത്രികളിലെ ചികിത്സാചെലവുകളിൽ ജില്ലാ മെഡിക്കൽ ഓഫീസർ /ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്നറിയിക്കുന്ന മുഴുവൻ തുകയും അതാത് ഭരണ വകുപ്പ് തന്നെ പ്രതിപൂരണം ചെയ്തു നൽകി വരുന്നു . സർക്കാർ അംഗീകൃത പ്രൈവറ്റ് ആശുപത്രികളിലെ ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്യുന്നതിന് , ഭരണവകുപ്പ് ധനവകുപ്പിന്റെ അനുമതിക്കായി ഫയൽ ലഭ്യമാക്കുകയും ഡിഎംഒ/ഡി.എച്ച്.എസ് അനുവദനീയമെന്നറിയിക്കുന്ന തുകയുടെ 80% പ്രതിപൂരണം ചെയ്തു നൽകാൻ ധനവകുപ്പ് അനുമതി നൽകി വരികയും ചെയ്യുന്നു . |
| (ബി) | 2016-17 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ എത്ര തുകയാണ് ചെലവഴിച്ചത്; | വകുപ്പുതല കണക്കുകൾ പ്രകാരം 2016 -17 സാമ്പത്തിക വർഷം മുതൽ 2018 -19 സാമ്പത്തിക വർഷം വരെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ ചെലവഴിച്ച തുക ( കോടിയിൽ ) ചുവടെ ചേർക്കുന്നു<br>i. 2016-17 - ₹ 43.35<br>iii. 2017 -18 - ₹ 47.40<br>iii. 2018-19 വർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല . |
| (സി) | റിലയൻസ് കമ്പനി വഴി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയിൽ ഒരു വർഷം സർക്കാർ എത്ര തുകയാണ് പ്രസ്തുത കമ്പനിക്ക് ജീവനക്കാരിൽ നിന്നും ഈടാക്കി നൽകേണ്ടത്? | പദ്ധതിയിലെ ഓരോ അംഗത്തിൽ നിന്നും ₹3000/- രൂപ നിരക്കിലാണ് വാർഷിക പ്രീമിയം ഈടാക്കുന്നത് . |

അക്കൗണ്ട്സ് ഓഫീസർ